4. കണ്ണോങ്കത്ത്, മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് (കുഴൽക്കിണർ അധിഷ്ഠിത ചെറുകിട കുടിവെള്ള പദ്ധതി).

ജലനിധി രണ്ടാംഘട്ടത്തിൽ ആദ്യ ബാച്ചിൽ മണലൂർ മണ്ഡലത്തിലെ എലവള്ളി ഗ്രാമപഞ്ചായത്തിൽ 3007 കുടുംബങ്ങൾക്ക് (13304 ഗുണഭോക്താക്കൾക്ക്) കുടിവെള്ളം നൽകുന്നതിനായി 1302 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയുള്ള ഒരു കുടിവെള്ള പദ്ധതി 19-11-2016-ൽ കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കൊല്ലം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ**

142 (911) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ ജല വിഭവ വകുപ്പിന് കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നു വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക നീക്കി വച്ചെന്നും ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ജലസേചന വകുപ്പ് :

കൊല്ലം മണ്ഡലത്തിൽ ജലസേചന വകുപ്പിനു കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി :

കേരള ജല അതോറിറ്റി മുഖേന കൊല്ലം മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങളും ഭരണാനുമതി ലഭിച്ചിട്ട് പണി തുടങ്ങാനുള്ള നടപടികൾ കൈക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭൂജല വകുപ്പ് :

ഭൂജല വകുപ്പിന് കീഴിൽ കൊല്ലം കോർപ്പറേഷനിൽ എ.കെ.ജി. കോളനി, കരിക്കോട് ഡിവിഷനിൽ ട്യൂബ് വെൽ നിർമ്മാണത്തിനു വേണ്ടി 4,96,000 രൂപയും (എം.എൽ.എ എസ്.ഡി.എഫ്), പെരുമൺ മാർക്കറ്റിൽ ട്യൂബ് വെൽ നിർമ്മാണത്തിനു വേണ്ടി 6,51,341 രൂപയും (രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി), കൊല്ലം ജില്ലാ ജയിലിൽ ട്യൂബ് വെൽ നിർമ്മാണത്തിനു വേണ്ടി 7,50,000 രൂപയും (എം.എൽ.എ. എസ്.ഡി.എഫ്) അനുവദിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം കോർപ്പറേഷനിൽ എ.കെ.ജി.കോളനി, കരിക്കോട് ഡിവിഷനിൽ നടന്നു വരുന്ന ട്യൂബ് വെൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പെരുമൺ മാർക്കറ്റിലെ ട്യൂബ് വെൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ ജയിലിലെ ട്യൂബ് വെൽ നിർമ്മാണത്തിനു വേണ്ടി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിൽ അനുഭവപ്പെടുന്ന വരൾച്ച**

143 (912) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ അനുഭവപ്പെടുന്ന വരൾച്ചയും ശുദ്ധജലക്ഷാമവും കണക്കിലെടുത്ത് കേരള വാട്ടർ അതോറിറ്റി എന്തെല്ലാം മുൻകരുതലുകളും നടപടികളും ആണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മണ്ഡലത്തിൽ വാട്ടർ അതോറിറ്റിക്ക് എത്ര കുടിവെള്ള പദ്ധതികൾ ഉണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കുമോ ;

(സി) ഇതിൽ പ്രവർത്തന സജ്ജമല്ലാത്ത പദ്ധതികൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഡി) മോട്ടോറുകൾ കേടുവന്നും, മതിയായ അറ്റകുറ്റപ്പണി നടത്താതെയും പ്രവർത്തന സജ്ജമല്ലാത്ത കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ 12 പദ്ധതികൾ പ്രവർത്തിക്കുന്നതിൽ 5 പദ്ധതികളുടെയും സ്രോതസ്സായ ഭാരതപ്പുഴ വരണ്ടതോടെ ടി പദ്ധതികൾ പ്രതിസന്ധിയിലാണ്. ഇവിടെ ഈ പദ്ധതികൾ വഴി ഇപ്പോൾ വിതരണം ചെയ്യുവാൻ കഴിയുന്നത് 8.83 ദശലക്ഷം ലിറ്റർ ജലം മാത്രമാണ്. വരൾച്ചയെ നേരിടാൻ താഴെ പറയുന്ന പോംവഴികൾ സ്വീകരിച്ചിട്ടുണ്ട്.